വിവിധതരം കേസുകളുടെ കണക്ക്

116 [72] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം കൊലപാതകങ്ങൾ, ആത്മഹത്യകൾ, പോലീസ് വാഹനാപകടങ്ങൾ, പോലീസ് വെടിവയ്പുകൾ, പെൺവാണിഭം, ദേവാലയ മോഷണങ്ങൾ, ബാങ്ക് കവർച്ചകൾ, മയക്കുമരുന്ന് വിപണനം എന്നിവയിലായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ കാലയളവിൽ കോടതിയുടെ പരിഗണനയിലുള്ള എത്ര കേസുകൾ സർക്കാർ പിൻവലിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ആർ. എസ്. എസ്. സംഘട്ടനങ്ങൾ

117 [73] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ ആർ. എസ്. എസ്. സംഘട്ടനങ്ങളിൽ എത്രപേർ മരണമടഞ്ഞിട്ടുണ്ട്. ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ:

(ബി) ഇതേ കാലയളവിൽ എത്ര ആർ. എസ്. എസ്. സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്;

(സി) ആർ. എസ്. എസ്. സംഘട്ടനങ്ങളിൽ എത്രപേർക്ക് പരിക്കേറ്റു എന്നും എത്ര പേർക്ക് അംഗഭംഗം സംഭവിച്ചുവെന്നും അറിയിക്കാമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ ആർ. എസ്. എസ്. സംഘട്ടനങ്ങളിൽ 11 പേർ മരണമടഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 9 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 272 ആർ. എസ്. എസ്. സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്.

(സി) ആർ. എസ്. എസ്. സംഘട്ടനങ്ങളിൽ 394 പേർക്ക് പരിക്കേറ്റു. രണ്ടു പേർക്ക് അംഗഭംഗം സംഭവിച്ചു.

LIBRARY ARCHIVES Kerala Legislative Assembly